# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/137/2018 2018 ജൂൺ 27

## പത്രക്കുറിപ്പ്

## പ്രൊഫ. സാബു തോമസിന് ട്രില അക്കാദമിഷ്യൻ ഓഫ് ദി ഇയർ അവാർഡ്

ടയർ നിർമ്മാണ രംഗത്ത് പേറ്റന്റിനർഹമായ നൂതന സാങ്കേതികവിദ്യ വികസിപ്പിച്ച, പ്രമുഖ നാനോ സയൻസ് ശാസ്ത്രജ്ഞനും എം.ജി. സർവ്വകലാശാലാ പ്രോ വൈസ് ചാൻസലറുമായ പ്രൊഫ. സാബു തോമസ്, ടയർ ആന്റ് റബർ ഇൻഡസ്ട്രി ലീഡർഷിപ്പ് അക്നോളജ്മെന്റ് (TRILA) നൽകുന്ന ട്രില അക്കാദമിഷ്യൻ 2018 അവാർഡിനർഹനായി. പ്രൊഫ. സാബു തോമസിന്റെ നേതൃത്വത്തിൽ നടന്ന നാനോടെക്നോളജി ഗവേഷണത്തിലൂടെ, ടയറുല്പാദനത്തിൽ സവിശേഷമായ ഇന്നർലൈൻ പദാർത്ഥം വികസിപ്പിക്കുകയും പേറ്റന്റ് നേടുകയും ചെയ്തിരുന്നു.

ഇന്ന് ലോകത്തിലെ മറ്റീരിയൽ സയൻസ് ശാസ്ത്രജ്ഞരുടെ മുൻനിരയിലുള്ള ഇദ്ദേഹത്തിന്റെ സംഭാവനകളിൽ 74 പുസ്തകങ്ങളും 750 പബ്ലിക്കേഷനുകളും ഉൾപ്പെടുന്നു. ശാസ്ത്ര ഗവേഷണ മാനദണ്ഡമായ H index 87ഉം 35000 സൈറ്റേഷനുകളും ലഭിച്ച രാജ്യത്തെ പ്രമുഖ ശാസ്ത്രജ്ഞനാണ് ഡോ. സാബു തോമസ്. ഇദ്ദേഹത്തിന് ലഭിച്ച ഈ അംഗീകാരം ഇന്ത്യൻ ശാസ്ത്രലോകത്തിനും എം.ജി. യൂണിവേഴ്സിറ്റിക്കും അഭിമാനാർഹമായ നേട്ടമാണ്. എം.ജി. സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമാക്കി രാജ്യാന്തര പദവിയിലേക്ക് ഉയർത്തുന്നതിൽ ഇദ്ദേഹം നൽകുന്ന സേവനങ്ങൾ അമൂല്യമാണ്.

പോളിമർ സയൻസ്, ഗ്രീൻ നാനോ ടെക്നോളജി, ജലശുദ്ധീകരണം, നാനോ മെഡിസിൻ എന്നീ മേഖലകളിലാണ് പ്രൊഫ. സാബു തോമസ് തന്റെ മികവ് തെളിയിച്ചത്. ഫ്രാൻസ് അടക്കമുള്ള ഒട്ടേറെ വിദേശ സർവ്വകലാശാലകൾ ഇദ്ദേഹത്തെ ഡോക്ടറേറ്റ് നൽകി ആദരിച്ചിട്ടുണ്ട്. ഈ വർഷം തന്നെ രാജ്യത്തെ മികച്ച ശാസ്ത്രഗവേഷകനുള്ള ഫാക്കൽട്ടി റിസർച്ച് അവാർഡും നാഷണൽ എഡ്യൂക്കേഷൻ അവാർഡിനും ഇദ്ദേഹം അർഹനായിട്ടുണ്ട്. പ്രൊഫ. സാബു തോമസിന്റെ വിപുലമായ ശിഷ്യ സമ്പത്തിൽ 89 പി.എച്ച്.ഡി. ബിരുദധാരികളും അനേകം ശാസ്ത്ര പ്രതിഭകളും ഉൾപ്പെടുന്നു. ശാസ്ത്രവിദ്യാർത്ഥികൾക്ക് അറിവും ആവേശവും പകരുന്നതാണ് ഇദ്ദേഹത്തിന്റെ പരിശ്രമങ്ങൾ.

ന്യൂഡൽഹിയിലെ പ്രഗതി മൈതാനത്ത് നടന്ന പ്രൗഢമായ ചടങ്ങിലാണ് ടയർ - റബ്ബർ വ്യവസായത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്ക് വഴിതെളിക്കുന്നവർക്ക് നൽകുന്ന ഈ അവാർഡ് സമ്മാനിച്ചത്.

**അടിക്കുറിപ്പ്**

**ട്രില അക്കാദമിഷ്യൻ 2018 അവാർഡിനർഹനായ എം.ജി. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ട്രില എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു**

**അപേക്ഷാ തീയതി**

2012 & 2013 അഡ്മിഷൻ മേഴ്സി ചാൻസ് വിദ്യാർത്ഥികൾക്കായുള്ള രണ്ടാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.സി.ജെ./എം.എസ്.ഡബ്ല്യു & എം.ടി.എ. പരീക്ഷകൾ റഗുലർ/സപ്ലിമെന്ററി പരീക്ഷകൾക്കൊപ്പം ജൂലൈ 11ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജൂൺ 29 വരെയും 50 രൂപ പിഴയോടെ 30 വരെയും 500 രൂപ സൂപ്പർഫൈനോടെ ജൂലൈ 3 വരെയും സ്വീകരിക്കും. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് ആദ്യമായി അപേക്ഷിക്കുന്നവർ 5000/- രൂപയും രണ്ടാം തവണ അപേക്ഷിക്കുന്നവർ 7000/- രൂപയും സ്പെഷ്യൽ ഫീസായി പരീക്ഷാഫീസിനും സി.വി. ക്യാമ്പ്

ഫീസിനും പുറമെ അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.എച്ച്.ആർ.എം. പ്രവേശനം**

അഫിലിയേറ്റഡ് കോളേജുകളിൽ 2018-19 അക്കാദമിക വർഷത്തിലേക്കുള്ള എം.എച്ച്.ആർ.എം. കോഴ്സിനുള്ള അപേക്ഷകൾ ജൂലൈ 10 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി.ടെക് ഇന്റേണൽ റീഡു**

അഫിലിയേറ്റഡ് കോളേജുകളിലെ 2010 അഡ്മിഷൻ മുതലുള്ള ബി.ടെക് പ്രോഗ്രാമിന്റെ ഒന്ന്, രണ്ട്, നാല്, ആറ്, ഏഴ്, എട്ട് സെമസ്റ്ററുകളിലെ ഇന്റേണൽ റീഡു പരീക്ഷ ജൂലൈ 2 മുതൽ ആഗസ്റ്റ് 16 വരെ അതാത് കോളേജുകളിൽ വച്ച് നടത്തും.

**വൈവാവോസി**

നാലാം സെമസ്റ്റർ എം.ടെക് (ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്) ജൂൺ 2018 പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ & വൈവാവോസി (ഇൻഡസ്ട്രിയൽ ഡ്രൈവ്സ് ആന്റ് കൺട്രോൾ) ജൂൺ 29ന് എറണാകുളം രാജഗിരി സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ വച്ച് നടക്കും.

**പരീക്ഷാഫലം**

2017 ഡിസംബർ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടെക്നോളജി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 9 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ എറണാകുളം ലോ കോളേജിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) (2011ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം. (2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.എം. (2015 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

2018 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ (ത്രിവത്സരം) (2016 അഡ്മിഷൻ റഗുലർ/ സപ്ലിമെന്ററി/ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 10 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**